**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3078** **18-03-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.വി.സുമേഷ്** | | **null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തീരദേശ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | കേന്ദ്രസർക്കാർ മണ്ണെണ്ണ ലിറ്ററിന് എട്ട് രൂപ തോതിൽ വിലവർദ്ധിപ്പിക്കുകയും അതോടൊപ്പം തന്നെ സംസ്ഥാനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാതിരിക്കുകയും ചെയ്യുമ്പോഴും മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണയ്ക്ക് സംസ്ഥാനം സബ്സിഡി നൽകി വരുന്നുണ്ടോ; ലിറ്ററിന് എത്ര രൂപ വീതമാണ് സബ്സിഡിയായി നൽകുന്നത്; മണ്ണെണ്ണ പെർമിറ്റിന് അഹർതയുള്ളവരെ കണ്ടെത്തുന്നതിനുള്ള സംയുക്ത പരിശോധന പൂർത്തിയാക്കിയോ; | (ബി) | മത്സ്യബന്ധനയാനങ്ങൾക്ക് Non PDS മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മുതൽ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്നുണ്ട്. മണ്ണെണ്ണ പെർമിറ്റിന് അർഹതയുള്ളവരെ കണ്ടെത്തുന്നതിന് 27.02.2022 ന് സംസ്ഥാനത്തുടനീളം ഫിഷറീസ്, സിവിൽ സപ്ലൈസ്, മത്സ്യഫെഡ് എന്നിവയുടെ നേതൃത്വത്തിൽ സംയുക്ത എഞ്ചിൻ/ യാന പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി.യുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ? | (സി) | മണ്ണെണ്ണയ്ക്ക പകരം എൽ.പി.ജി ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ